**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1157** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ചേർത്തല മണ്ഡലത്തിലെ ദേശീയപാത 66 നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പ്രസാദ്

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ചേർത്തല തുറവൂർ-പറവൂർ ദേശീയപാത 66 - ന്റെ പൂർത്തീകരണത്തോടെ ചേർത്തല മുനിസിപ്പാലിറ്റിയിൽ പോലീസ് സ്റ്റേഷന് സമീപം എ.എസ്. കനാലിന് കുറുകേ സർവ്വീസ് റോഡ് മുറിയുന്നത് മൂലം ചേർത്തല നഗരത്തിലേക്ക് വലിയ വാഹനങ്ങൾ പ്രവേശിക്കുന്നതിന് തടസ്സം നേരിടും എന്നത് ഗൗരവമായി കാണുന്നുണ്ടോ;

**<u>മറുപടി:</u>** ദേശീയപാത 66-ന്റെ കി.മീ. 389+893-ൽ എ.എസ്. കനാൽ മുറിച്ചുകടക്കുന്ന ഭാഗത്ത്, കനാലിന്റെ അതേ നിരപ്പിൽ ഒരു ചെറിയ പാലം സ്ഥിതിചെയ്തിരുന്നു. ഇ.പി.സി. കരാറിലെ വ്യവസ്ഥകൾ പ്രകാരം, ആറുവരിപ്പാതയും ഇരുവശങ്ങളിലുമുള്ള സർവീസ് റോഡുകളും ഉൾക്കൊള്ളുന്നതിനായി നിലവിലുള്ള പാലം വീതികൂട്ടേണ്ടതുണ്ടായിരുന്നു. എന്നിരുന്നാലും, എ.എസ്. കനാൽ ഒരു ഫീഡർ കനാൽ ആയി പ്രവർത്തിക്കുന്നതിനാൽ, ബാധകമായ സർക്കാർ ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് (CSIND) കുറഞ്ഞത് 5.0 മീറ്റർ ലംബമായ ക്ലിയറൻസ് (Vertical clearance) പാലിക്കണമെന്ന് നിഷ്കർഷിച്ചു. ഇതനുസരിച്ച് ആറുവരിപ്പാതയ്ക്ക് ആവശ്യമായ Vertical Clearance ഉറപ്പാക്കുന്നതിനായി പുതിയ പാലം നിർമിക്കുകയും, അതിന്റെ ഭാഗമായി ആദ്യത്തെ രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ടിവരികയും ചെയ്തു. ഇതുമൂലം കനാലിന് കുറുകെയുള്ള സർവീസ് റോഡുകൾ ഒഴിവാക്കേണ്ടിവന്നു.

കാൽനടയാത്രക്കാരുടെ സുരക്ഷിതമായ സഞ്ചാരം ഉറപ്പാക്കുന്നതിനായി കനാലിന് കുറുകെ ഒരു ഫുട് ഓവർ ബ്രിഡ്ജ് (FOB) കൂടി നൽകിയിട്ടുണ്ട്. ആറുവരി പാതയുടെ ഇരുവശത്തുമുള്ള സർവീസ് റോഡുകൾ നിലവിലുള്ള വശങ്ങളിലെ റോഡുകളുമായി ബന്ധിപ്പിച്ചിരിക്കുന്നു; അതുവഴി ഈ പ്രദേശത്തുള്ള നിലവിലുള്ള റോഡ് കണക്റ്റിവിറ്റിയും പ്രവേശനക്ഷമതയും നിലനിർത്തിയിട്ടുണ്ട്.

**(ബി)** ഈ പ്രശ്നത്തിന് പരിഹാരമായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഈ വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പരിശോധനകളോ വിലയിരുത്തലുകളോ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സ്ഥലപരിശോധന നടത്തുകയും 10.05.2024-ന് എൻ.ഒ.സി. (NOC) നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാത ആക്സസ് കൺട്രോൾഡ് ഹൈവേയായി വികസിപ്പിച്ചിട്ടുള്ളതിനാൽ, ആറുവരിപ്പാതയിലേക്കുള്ള പ്രവേശനം, പുറത്തേക്കുള്ള യാത്ര, റോഡ് മുറിച്ചുകടക്കുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ നിശ്ചിത ഇടവേളകളിൽ ക്രമീകരിച്ചിരിക്കുന്നു.

**(ഡി)** പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് അടിയന്തരമായി ഇത് സംബന്ധിച്ച് മന്ത്രി തലത്തിൽ ഒരു അവലോകനയോഗം വിളിച്ചു ചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഇ)** ഈ വിഷയം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ നേരിട്ട് വകുപ്പിലോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സമാനമായ ആശങ്കകൾ ഉന്നയിച്ചുകൊണ്ട് വിവിധ വ്യക്തികളിൽനിന്ന് ദേശീയപാതാ അതോറിറ്റിയിൽ നിവേദനങ്ങൾ ലഭിച്ചിട്ടുള്ളതായും, ഇ.പി.സി. കരാറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അവ പരിശോധിക്കുകയും ആവശ്യമായ മറുപടികൾ നൽകുകയും ചെയ്തിട്ടുള്ളതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വകുപ്പിൽ ലഭിച്ച പരാതികൾ ഉചിതമായ തുടർ നടപടികൾക്കായി ദേശീയപാത അതോറിറ്റിക്ക് അയച്ചു നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**